പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:2851

19.06.2014-ൽ മറുപടിയ്ക്ക്

## കയർമേഖലയിലെ പിന്നോക്കാവസ്ഥ

| ചോദ്യം<br>ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. ജി.സുധാകരൻ<br>,, കെ.ദാസൻ<br>,, സി.കൃഷ്ണൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ കയറ്റുമതിയിൽ രാജ്യം വൻ മുന്നേറ്റം കൈവരിക്കുമ്പോഴും സംസ്ഥാനത്തിന്റെ പങ്ക് കുത്തനെ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യുന്നത് പ്രധാനമായും കയറുൽപന്ന ങ്ങളാണ്. ഇത് കാര്യമായി കുറയുന്നില്ല. ചകിരി, ചകിരിച്ചോറ്, Curled Coir കയർ ഇവ ഒഴികെയുള്ള ഉൽപന്നങ്ങളുടെ 2013-14 ലെ കയറ്റുമതി 2012-13 നേക്കാൾ കൂടുതലാണ്. |
| ബി) കയർമേഖലയിലെ ഈ പിന്നോക്കാവസ്ഥക്കുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | ബി) കയർമേഖലയിൽ ഈ പിന്നോക്കാവസ്ഥ ഉള്ളതായി കരുതുന്നില്ല. |
| സി) സംസ്ഥാന സർക്കാർ സംഘടിപ്പിച്ച കയർമേളകൾ കയർ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സഹായകരമായിരുന്നോ; ഇക്കഴിഞ്ഞ വിപണനമേളയിൽ എത്ര കോടി രൂപയുള്ള ഓർഡർ ലഭിച്ചുവെന്ന് അറിയിക്കാമോ; | സി) സംസ്ഥാന സർക്കാർ സംഘടിപ്പിച്ച കയർമേളകൾ കയറുൽപന്നങ്ങൾക്ക് ആഭ്യന്തര/വിദേശ വിപണികൾ കണ്ടെത്താൻ വളരെയേറെ സഹായകമായിട്ടുണ്ട്. സ്വകാര്യ മേഖലയുമായി ബന്ധപ്പെട്ട കണക്കുകൾ ലഭ്യമല്ല. എങ്കിലും കയർകേരള 2014 ൽ 200 കോടിയോളം രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചതായി കണക്കാക്കുന്നു. 2013-14 ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 244 ലക്ഷം രൂപയുടേയും ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് 72.24 ലക്ഷം രൂപയുടെയും കയർഫെഡ് 29.67 ലക്ഷം രൂപയുടെയും ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. കൂടുതൽ ഓർഡറുകൾ ലഭിച്ചിട്ടുമുണ്ട്. |
| ഡി) കയർമേളയുടെ മറവിൽ വൻധൂർത്തും സാമ്പത്തിക ക്രമക്കേടുകളും നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇത് പരിശോധിച്ചിട്ടുണ്ടോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) കഴിഞ്ഞ രണ്ടു വർഷം കയർമേളയ്ക്ക് എന്ത് തുക ചെലവ് വന്നു എന്ന് വെളിപ്പെടുത്താമോ? | ഇ) കയർകേരള 2013 ന് 4,76,36,949/- രൂപയും കയർകേരള 2014 ന് 4,16,22,840/- രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ